# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3359 19.06.2019 -ലെ മറുപടിയ്ക്ക്**

**കേരളാ യൂണിവേഴ്സിറ്റി ആന്വൽ സ്കീം പരീക്ഷാഫലം**

ചോദ്യം
ശ്രീ. വി.ആർ. സുനിൽ കുമാർ

ഉത്തരം
**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി )

| | | | |
|---|---|---|---|
| (എ) | കേരളാ യൂണിവേഴ്സിറ്റി ആന്വൽ സ്കീം (PRIVATE REGISTRATION) പരീക്ഷയെഴുതിയ മൂവായിരത്തോളം വിദ്യാർത്ഥികളുടെ പരീക്ഷാഫലം നാളിതുവരെ പ്രസിദ്ധീകരിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | പരീക്ഷാഫലം യഥാസമയം പ്രസിദ്ധീകരിക്കാത്തതിനാൽ പി. ജി., ബി. എഡ്, തുടങ്ങി മറ്റ് പ്രൊഫഷണൽ കോഴ്സുകളിലേക്ക് ഈ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കുവാൻ കഴിയാതെവരികയും തൽഫലമായി ഒരു വർഷം നഷ്ടപ്പെടുന്നതും തടയാൻ എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്; | (ബി) | പരീക്ഷാഫലം പ്രസിദ്ധീകരിക്കാത്ത വിഷയങ്ങളുടെ മാർക്ക് ലഭിക്കുന്ന മുറയ്ക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് കോൺഫിഡൻഷ്യൽ മാർക്ക് ലിസ്റ്റ് സ്ഥാപനത്തിലേക്ക് അയച്ചുകൊടുക്കാനുള്ള സംവിധാനം ഉണ്ട്. |
| (സി) | 2019 മേയ് മാസത്തിൽ കോഴ്സ് പൂർത്തിയാക്കിയ ഈ വിദ്യാർത്ഥി കൾക്ക് 2019-20 അധ്യയനവർഷത്തിൽ തുടർപഠനത്തിനായി അവസരം ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (സി) & (ഡി) | ബി.എഡ് കോഴ്സിന് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി 20.06.2019 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. കൂടാതെ പി.ജി അഡ്മിഷന് സപ്ലിമെന്ററി അലോട്ട്മെന്റിന് മുമ്പായി പ്രസ്തുത വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നതാണ്. |
| (ഡി) | 2018-19 അധ്യയന വർഷത്തിൽ കോഴ്സ് പൂർത്തിയാക്കിയ ഈ വിദ്യാർത്ഥി കൾക്ക് 2019-20 അധ്യയന വർഷ ത്തിൽ പി. ജി., ബി.എഡ് തുടങ്ങിയ കോഴ്സുകളിൽ അപേക്ഷിക്കുവാൻ പ്രസ്തുത കോഴ്സുകളുടെ അഡ്മിഷൻ തീയതി നീട്ടി ഇവർക്ക് അപേക്ഷ നൽകാനുള്ള അവസരം ലഭ്യമാക്കുവാൻ ശ്രമിക്കുമോ? | | |

സെക്ഷൻ ഓഫീസർ.